## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2501** — **18.06.2014 ലെ മറുപടിയ്ക്ക്**

## 'കാഡ'യുടെ കല്ലടിക്കോട്ടെ ഓഫീസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. വി. വിജയദാസ്** | **ശ്രീ. പി. ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) 'കാഡ'യുടെ കല്ലടിക്കോട് ഓഫീസ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ; | (എ) കാഞ്ഞിരപ്പുഴ പദ്ധതിക്കു കീഴിലെ കാഡ പ്രവർത്തനങ്ങൾക്കാണ് കാഡ പാലക്കാട് ഡിവിഷനു കീഴിൽ സബ് ഡിവിഷൻ ഓഫീസ് കല്ലടിക്കോട് പ്രവർത്തനം ആരംഭിച്ചത്. പ്രസ്തുത പദ്ധതിയിലെ ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ എന്നീ ബാക്കിയുള്ള പ്രവൃത്തികൾ ഒറ്റപ്പാലം, കുളപ്പുള്ളി തുടങ്ങി പാലക്കാട് ജില്ലയിലെ പടിഞ്ഞാറ് ഭാഗത്തെ ഡിസ്ട്രിബ്യൂട്ടറികളിൽ മാത്രമാണ് പൂർത്തീകരിക്കാനുള്ളത്. പ്രസ്തുത പ്രദേശത്തു നിന്നും 50 കിലോമീറ്ററോളം മാറിയാണ് കല്ലടിക്കോട് ഓഫീസ് സ്ഥിതി ചെയ്യുന്നത്. കാഡ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കർഷകർക്കും പദ്ധതികൾ തയ്യാറാക്കുന്നതിനും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ഉദ്യോഗസ്ഥർക്കും കൂടുതൽ സഹായകരമാകുമെന്ന് കാണുന്നതിനാലാണ് കല്ലടിക്കോട് പ്രവർത്തിച്ചിരുന്ന കാഡ സബ് ഡിവിഷൻ നമ്പർ 1, പാലക്കാട് ഓഫീസ്, ജലസേചന വകുപ്പിന് കീഴിൽ മുമ്പ് ഒറ്റപ്പാലത്ത് കാഡ സബ് ഡിവിഷൻ ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലേക്ക് 08.05.2014 ലെ സ.ഉ. (സാധാ) നം.448/2014/ജലവിവ പ്രകാരം മാറ്റി പ്രവർത്തനം തുടർന്നുവരുന്നത്. |

തുടർച്ച..........2

| | |
|---|---|
| (ബി) പ്രസ്തുത ഓഫീസ് അവിടെത്തന്നെ പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി)കാഡ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രദേശത്തെ കർഷകരെ സംബന്ധിച്ചും, പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ചും കാഡ സബ് ഡിവിഷൻ ഓഫീസ്, മാറ്റിയ ഒറ്റപ്പാലത്തു തന്നെ പ്രവർത്തിക്കുന്നതാണ് ഉചിതം എന്ന് കാണുന്നതിനാൽ പ്രസ്തുത ഓഫീസ് കല്ലടിക്കോട് പുന:സ്ഥാപിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.